III ഇ.ബി..XII-കേരള നിയമസഭ/I-9

## പന്ത്രണ്ടാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

# നിയമസഭാ നടപടികളുടെ ചുരുക്കം

## 2006 ജൂൺ 26, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**I ചോദ്യങ്ങൾ**

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം (*111 & *112) സഭയിൽ ഉന്നയിക്കപ്പെടുകയും അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

**II. ശ്രദ്ധ ക്ഷണിക്കൽ**

1. പന്തളം നിയോജകമണ്ഡലത്തിലെ മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ഇക്കഴിഞ്ഞ കാലവർഷത്തിൽ ഒരാളുടെ മരണത്തിനിടയാകുകയും മറ്റ് നാശനഷ്ടങ്ങൾ സംഭവി ക്കുകയും ചെയ്തത് സംബന്ധിച്ച് ശ്രീ. കെ. കെ. ഷാജു റവന്യൂ

വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

2. കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. എ. എ. അസീസ് തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## III സബ്മിഷൻ

1. കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പുതുക്കുറുച്ചിയിൽ 25–6–2006–നുണ്ടായ ആക്രമണം സംബന്ധിച്ച് ശ്രീ. എം. എ. വാഹീദ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.
2. കാലവർഷക്കെടുതിമൂലം തീരപ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. വി. സുരേന്ദ്രൻപിള്ള ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.
3. ദിനേശ് ബീഡി സഹകരണ വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

4. ട്രോളിംഗ് നിരോധനത്തെത്തുടർന്ന് മൽസ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി മറുപടി നൽകി.

5.അടൂർ ഗവൺമെന്റ് സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടനിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ രോഗികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

6. കെ.എസ്.ടി.പി.യെക്കൊണ്ട് അടിയന്തിരമായി റോഡ് പണി ആരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീ. കെ. വി. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

7. കൊച്ചി നഗരത്തിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം സംബന്ധിച്ച് ശ്രീ. കെ. ബാബു ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

8. മരം കടപുഴകി വീണ് വിദ്യാർത്ഥിനി മരണപ്പെട്ടത് സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച

സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറുപടി നൽകി

9. പത്തനാപുരത്തെ വിളക്കുടി പഞ്ചായത്തിൽ പുതിയതോപ്പ് ജാസ്മിൻ മൻസിലിൽ ബിസ്മിയുടെ തിരോധാനം സംബന്ധിച്ച് ശ്രീ. കെ.ബി. ഗണേഷ് കുമാർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

10. കാഞ്ഞിരപ്പള്ളി താലൂക്കിലെ ആർ. കെ. റബ്ബേഴ്സ് ഫാക്ടറിയിൽനിന്നും അമോണിയ ചോർച്ചയുണ്ടാകുന്നതുമൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. അൽഫോൺസ് കണ്ണന്താനം ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

11. കോഴിക്കോട് മെഡിക്കൽ കോളേജ് എയിംസ് (AIIMS) നിലവാരമുള്ള ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ. യു. സി. രാമൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

12. കുടിവെള്ളക്ഷാമം നേരിടുന്ന അനങ്ങനടി, ത്രിക്കടിരി, മണ്ണൂർ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ

ആരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീ. എം. ഹംസ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

13. ഹരിപ്പാട് താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. ബി. ബാബു പ്രസാദ് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

14. കൊടകര മണ്ഡലത്തിൽ കളിമൺ വ്യവസായം നിലനിർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പ്രൊഫ. സി. രവീന്ദ്രനാഥ് ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

15. കാലവർഷക്കെടുതിമൂലം കല്ലുമ്മക്കായ കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് ശ്രീ. കെ. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

## IV. റിപ്പോർട്ട് സമർപ്പണം

2006–ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും, ചൂഷണ രഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ

നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബില്ലിനെ സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V. ഗവർണ്ണറുടെ സന്ദേശം

2006 ജൂൺ 21-ാം തീയതി സഭ അംഗീകരിച്ച നന്ദി പ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചു കൊണ്ടുള്ള ഗവർണ്ണറുടെ സന്ദേശം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## VI. ധനകാര്യം

### 2006-2007 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച.

ചർച്ചയിൽ പങ്കെടുത്തുകൊണ്ട് മി. ഡെപ്യൂട്ടി സ്പീക്കർ, സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, എം. പ്രകാശൻ മാസ്റ്റർ, കെ. മുഹമ്മദുണ്ണി ഹാജി, എൻ. രാജൻ, ശ്രീ. കെ. കെ. ഷാജു, തോമസ് ചാഴികാടൻ, മോൻസ് ജോസഫ്, വി. ചെന്താമരാക്ഷൻ, എ. എ. അസീസ്, രാമചന്ദ്രൻ കടന്നപ്പള്ളി, എം. കെ. പ്രേംനാഥ്, യു. സി. രാമൻ, കെ. സി. കുഞ്ഞിരാമൻ, വി. ഡി. സതീശൻ, പി. പി. അബ്ദുള്ളക്കുട്ടി, സാജുപോൾ, കെ. കുഞ്ഞിരാമൻ,

മാങ്കോട് രാധാകൃഷ്ണൻ, ബി. രാഘവൻ, കെ.സി. ജോസഫ് എന്നിവർ സംസാരിച്ചു.

2006 ജൂൺ 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.15-ന് പിരിഞ്ഞു.